കേരള സർക്കാർ

നം.49982/ജെ2/12/പൊ.വി.

പൊതു വിദ്യാഭ്യാസ (ജെ) വകുപ്പ്
തിരുവനന്തപുരം
തീയതി:10.09.2012.

# സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം-അദ്ധ്യാപകപാക്കേജ്-2011-2012, 2012-13 അദ്ധ്യയന വർഷം ഉണ്ടായ ഒഴിവുകളിൽ അദ്ധ്യാപകരെ ക്രമീകരിക്കുന്നത് സംബന്ധിച്ച്.

സൂചന:- 03.05.2012, 06.06.2012 എന്നീ തീയതികളിലെ 10456/ജെ2/12/ പൊ.വി. നമ്പരിലെ സർക്കുലറുകൾ

2010-2011 അദ്ധ്യയന വർഷത്തിൽ ഒരേ മാനേജ്മെന്റിന്റെ കീഴിലുള്ള സ്കൂളുകളിൽ റിട്ടയർമെന്റ്, മരണം പ്രമോഷൻ, രാജി, ദീർഘകാലാവധി തുടങ്ങിയവ മൂലമുണ്ടാകുന്ന ഒഴിവുകൾ അതേ മാനേജ്മെന്റിന്റെ കീഴിലെ സ്കൂളിൽ/സ്കൂളുകളിൽ പ്രസ്തുത വർഷം നഷ്ടപ്പെട്ട തസ്തികകളിൽ ജോലിചെയ്യുന്ന അദ്ധ്യാപകരെ നിലനിർത്തിയതിന് ശേഷം മാത്രമേ പുതിയ നിയമനങ്ങൾ നടത്താൻ പാടുള്ളു. അത്തരം നിയമനങ്ങൾക്ക് മാത്രമേ നിയമനാംഗീകാരം നൽകുവാൻ പാടുള്ളുവെന്നും സർക്കാർ നിർദ്ദേശം നൽകിയിരുന്നു.

വിദ്യാഭ്യാസ പാക്കേജിന്റെ അടിസ്ഥാനത്തിൽ 2010-11-ലെ സ്റ്റാഫ് ഫിക്സേഷൻ പ്രകാരം 2011-12, 2012-2013 വർഷത്തിൽ അധിക അദ്ധ്യാപകരെ നിലനിർത്തിയുട്ടുള്ള കോർപ്പറേറ്റ് മാനേജ്മെന്റുകളും വ്യക്തിഗത മാനേജ്മേന്റുകളും ഈ കാലയളവിൽ റിട്ടയർമെന്റ്, രാജി, മരണം, പ്രമോഷൻ തുടങ്ങിയവമൂലമുണ്ടാകുന്ന വേക്കൻസികളിൽ അധിക

അദ്ധ്യാപകരെ നിലനിർത്തിയതിന് ശേഷം മാത്രമേ പുതിയ നിയമനങ്ങൾ നടത്താൻ പാടുള്ളൂ എന്നും ഇതിനാൽ നിർദ്ദേശം നൽകുന്നു. കോർപ്പറേറ്റ് മാനേജ്മെന്റുകളുടെ കീഴിലുള്ള സ്കൂളുകളിൽ അധിക അദ്ധ്യാപകരെ നിലനിർത്തിയിട്ടില്ലായെന്ന ഒരു undertaking ബന്ധപ്പെട്ട മാനേജരിൽ നിന്നും വാങ്ങിയതിന് ശേഷം മാത്രമേ റിട്ടയർമെന്റ് ഒഴുവുകളിൽ അംഗീകാരം നൽകാൻ പാടുള്ളൂ എന്നും നിർദ്ദേശിക്കുന്നു.

ആർ. മധുസൂദനൻ നായർ
അഡീഷണൽ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർ മാർക്കും.
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
} പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
ഡയറക്ടർ, ഐ.ടി.@സ്കൂൾ, തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
പൊതു വിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ